"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിൽ പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്ന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

**സ.ഉ(സാധാ)നം.2398/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 28/10/2019**

പരാമർശം: 1. സ.ഉ.(സാധാ)നം.2078/2019/ത.സ്വ.ഭ.വ തീയതി 25.09.2019 നമ്പർ ഉത്തരവ്
2. 21.10..2019 ലെ റവന്യൂ വകുപ്പിന്റെ റവ-എ 2/317/2018-റവ നം അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ മൂന്നാമത്തെ ഖണ്ഡികയിൽ, ഇടുക്കി ജില്ലയിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ എന്നതിലെ "ഇടുക്കി ജില്ലയിൽ" എന്നതിനു പകരം 'ബഹു.ഹൈക്കോടതി NOC നിർബന്ധമാക്കിയിട്ടുള്ള ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകളിൽ' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജുകുമാർ എൻ

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

ടൗൺ പ്ലാനർ, ഇടുക്കി.

റവന്യൂ വകുപ്പ് (14.10.2019-ലെ സ.ഉ.(കൈ)നം.310/19/റവ നമ്പർ ഉത്തരവ് പ്രകാരം)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്.

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ